"ഭരണഭാഷ- മാതൃഭാഷ"



കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ല - തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് - 22 ലക്ഷം രൂപയ്ക്ക് ആംബുലൻസ് വാങ്ങുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്

G.O.(Rt)No.1532/2022/LSGD തീയതി,തിരുവനന്തപുരം, 27-06-2022

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 23/07/2021 തീയതിയിലെ PAN/8091/2021-G1(DP) നമ്പർ കത്ത്.
2. 11/03/2022 തീയതിയിലെ സ.ഉ.(സാധാ) നം.599/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. 16/03/2022 തീയതിയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ 2021 - 22 വാർഷിക പദ്ധതിയിൽ വാളോട് പി.എച്ച്.സി - ക്ക് ആംബുലൻസ് വാങ്ങുന്നതിന് പരാമർശം (1) മുഖേന ലഭ്യമാക്കിയ അപേക്ഷയിൽ പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 10 ലക്ഷം രൂപയ്ക്ക് ആംബുലൻസ് ലഭ്യമല്ലാത്തതിനാൽ 22 ലക്ഷം രൂപക്ക് വാങ്ങുന്നതിനായി പദ്ധതി തയ്യാറാക്കി ഡി പി സി അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും അതിനാൽ 22 ലക്ഷം രൂപക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള അനുമതിക്കായി വീണ്ടും പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ 2021 - 22 വാർഷിക പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തി 22 ലക്ഷം രൂപയ്ക്ക് വാളോട് പി.എച്ച്.സി ക്ക് ആംബുലൻസ് വാങ്ങുന്നിന് സർക്കാർ തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. എന്നാൽ ആംബുലൻസ് വാങ്ങുന്നതിന് ഉള്ള അധിക തുക മെയിന്റനൻസ് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ കഴിയില്ലാത്തതിനാൽ. അധിക തുക സമാഹരിക്കുന്നതിനു മറ്റു മാർഗങ്ങൾ കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

പഞ്ചായത്ത് ഡയറക്ടർ.തിരുവനന്തപുരം

സെക്രട്ടറി.തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്.വയനാട്

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള.തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ.വെബ് & ന്യൂ മീഡിയ (വിംഗ്), ഐ & പി.ആർ.ഡി.തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Reenamma P A
Date: 27-06-2022 12:34:52

സെക്ഷൻ ഓഫീസർ